(ബി) ഈ കേന്ദ്രത്തിൽ താമസിക്കുന്ന വിദേശികളെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ സർക്കാരിന് ലഭിക്കുന്നുണ്ടോ;

(സി) അന്താരാഷ്ട്ര ഭീകരവാദം വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ വിദേശ ടൂറിസ്റ്റുകളെപ്പറ്റിയുള്ള വിവരങ്ങൾ പൂർണ്ണമായി ശേഖരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ സംസ്ഥാനത്ത് പല സ്ഥലങ്ങളിലും ടൂറിസം വകുപ്പിന്റെ അംഗീകാരത്തോടെയുള്ള ഹോംസ്റ്റേ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി), (സി) വിദേശികൾ വന്നിറങ്ങുന്ന പോയിന്റുകളിൽ (കര, വായു, കടൽ) അവരെ ചെക്ക് ചെയ്ത് പൂർണ്ണ വിവരങ്ങൾ ശേഖരിക്കുകയും അവർ താമസിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പൂർണ്ണ വിവരങ്ങളടങ്ങിയ Form (C) ശേഖരിച്ച് പരിശോധിച്ച് വരുന്നുണ്ട്.

അഴിമതി കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി

4. [4] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

,, ടി. പി. രാമകൃഷ്ണൻ:

,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ രംഗത്ത് വളർന്നുവരുന്ന അഴിമതി അവസാനിപ്പിക്കുന്നതിനും അഴിമതി കാട്ടിയ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി എടുക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ വകുപ്പുകളിൽ നടന്ന അഴിമതികളെക്കുറിച്ച് വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ എത്ര ക്രമക്കേടുകളും അഴിമതികളും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; ഇതിൽ എത്ര കേസുകളിൽ വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വകുപ്പുതല വിജിലൻസ് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) അവിഹിതമായി സ്വത്ത് സമ്പാദിക്കുന്നവരുടെ സ്വത്ത് കണ്ടുകെട്ടുന്നതിനും അഴിമതിക്കാരായ ഉന്നത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും നിലവിലുള്ള നിയമം പര്യാപ്തമല്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ;

(ഇ) 1944-ലെ ക്രിമിനൽ നിയമ ഭേദഗതി അനുസരിച്ച് അറിഹിതമായി സമ്പാദിച്ച സ്വത്ത് കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവിധ വകുപ്പുകളിൽ നടക്കുന്ന അഴിമതി അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബ്യൂറോയിൽ കെട്ടിക്കിടക്കുന്ന പഴക്കം ചെന്ന വിജിലൻസ് കേസുകളുടേയും വിജിലൻസ് അന്വേഷണങ്ങളുടേയും തുടർ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ബ്യൂറോ സംസ്ഥാന വ്യാപകമായി നടത്തുന്ന മിന്നൽ പരിശോധനകൾ കൂടുതൽ വകുപ്പുകളിലേക്ക് വ്യാപിപ്പിച്ച് തുടർന്നു നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബ്യൂറോയുടെ പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി സർക്കാർ ഉന്നത ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചുചേർക്കുകയുണ്ടായി. പ്രസ്തുത വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പുതുതായി രണ്ട് പ്രത്യേക വിജിലൻസ് കോടതികളൂകൂടി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താരതമ്യേന അഴിമതി കൂടുതൽ ഉള്ള വകുപ്പുകളിൽ വകുപ്പുതല വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരുടെ വിവരം ശേഖരിച്ച് പ്രസ്തുത ഉദ്യോഗസ്ഥരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നിരന്തരം നിരീക്ഷിച്ചു വരുന്നുണ്ട്.

(ബി) 2004-05 വർഷത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 134 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 28 ട്രാപ്പ് കേസുകളും ഉൾപ്പെടുന്നു. പ്രസ്തുത വർഷത്തിൽ 350 വിജിലൻസ് അന്വേഷണങ്ങൾക്ക് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ 251 മഹസ്യാന്വേഷണങ്ങളും 363 മിന്നൽ പരിശോധനകളും നടത്തിയിട്ടുണ്ട്. 2004-05 വർഷത്തിൽ 31 ട്രാപ്പ് കേസ്സുകൾ ഉൾപ്പെടെ 138 വിജിലൻസ് കേസുകളുടെ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 320 വിജിലൻസ് അന്വേഷണങ്ങളുടേയും 158 മഹസ്യാന്വേഷണങ്ങളുടെയും 287 മിന്നൽ പരിശോധനകളുടെയും അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. 16 കേസുകളിൽ പ്രൈമ്പ്യൂണൽ എൻക്വയറിക്ക് ഉത്തരവായിട്ടുണ്ട്. 585 പേർക്കെതിരെ വകുപ്പുതല നടപടിക്ക് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ശുപാർശ ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) അഴിമതി അവസാനിപ്പിക്കുവാൻ നിലവിലുള്ള സംവിധാനം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. എന്നാൽ അറിഹിത സ്വത്ത് സമ്പാദിക്കുന്നവരുടെ സ്വത്ത് കണ്ടുകെട്ടുന്നത് സംബന്ധിച്ച് നിയമനിർമ്മാണം പരിഗണനയിലാണ്.

(ഇ) 1944-ലെ ക്രിമിനൽ നിയമഭേദഗതി അനുസരിച്ച് അറിഹിതമായി സമ്പാദിച്ച സ്വത്ത് കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സംസ്ഥാനത്ത് സ്വീകരിച്ചിട്ടില്ല. 1988-ലെ അഴിമതി നിരോധന നിയമത്തിലെ പ്രസക്ത വകുപ്പ് പ്രകാരമാണ് അറിഹിത സ്വത്ത് സമ്പാദനം സംബന്ധിച്ചുള്ള നടപടികൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്വീകരിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly